'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ല - വാഴക്കാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എൻ. രവീന്ദ്രനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.607/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/03/2019**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 04/2015-ലെ ഇ10(എസ് സി 53/14/എംപിഎം) 18044/2014 നമ്പർ റിപ്പോർട്ട്

2 സർക്കാരിന്റെ 27.04.2016-ലെ 417/ഇപിബി3/2015/തസ്വഭവ നമ്പർ കുറ്റപത്രം

3 സർക്കാരിന്റെ 27.11.2018-ലെ 417/ഇപിബി3/2015/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. എൻ. രവീന്ദ്രൻ സമർപ്പിച്ച 11.02.2019-ലെ പ്രതിവാദ പത്രിക

**ഉത്തരവ്**

ശ്രീ. എൻ. രവീന്ദ്രൻ മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ച വരവേ വാഴക്കാട് വില്ലേജിൽ റീ-സർവ്വേ നമ്പർ 168/16, 168/6 പ്രകാരമുള്ള സ്ഥലത്ത് കെ.പി.ബി.ആർ. 2011 ലംഘിച്ച് വാണിജ്യാവശ്യത്തിനും, ലോഡ്ജിംഗിനുമായി നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകിയതുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ശ്രീ. എൻ. രവീന്ദ്രന് ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. കുറ്റപത്രത്തിന് ശ്രീ. രവീന്ദ്രൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ വാഴക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി താൻ ചുമതല ഏറ്റെടുത്തത് 16.03.2012-ലാണെന്നും അതിനുമുമ്പ് 31.03.2010-ന് ഗ്രാമപഞ്ചായത്തിൽ നിന്നും നൽ കിയ 464/09-10 നമ്പർ പ്ലാനിന്റെയും 19.03.2011-ന് നൽകിയ 612/10-11 നമ്പർ പ്ലാനിന്റെയും അടിസ്ഥാനത്തിലാണ് കെട്ടിട നമ്പർ അനുവദിച്ചതെന്നും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് ഓവർസീയർ പരിശോധിച്ച് നമ്പർ അനുവദിക്കാമെന്ന് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് കെട്ടിട നമ്പർ അനുവദിച്ചതെന്നും ബോധിപ്പിച്ചിട്ടുണ്ട്. കെട്ടിട നമ്പർ നൽകിയ അവസരത്തിൽ ആവശ്യത്തിന് പാർക്കിംഗ് ഏരിയ ഉണ്ടായിരുന്നുവെന്നും, എന്നാൽ കെട്ടിട നമ്പർ ലഭിച്ചതിനുശേഷം കെട്ടിട ഉടമ പാർക്കിംഗ് ഏരിയയിൽ മുകളിലെ നിർമ്മാണത്തിനായി പണിത പില്ലറുകൾ കൂട്ടി ഷട്ടറിട്ട് മുറികളായി തിരിക്കുകയാണുണ്ടായതെന്നും പിറകുവശത്ത് ഉറസ്സായ സ്ഥലത്ത്

അനുവദിച്ച അത്രയുംഭാഗം മുറിച്ചു മാറ്റിയും, കുറ്റാരോപണ പത്രികയിലെ മറ്റു ആരോപണങ്ങളിന്മേൽ കെട്ടിട ഉടമയ്ക്ക് നിർദ്ദേശം നൽകി അപാകതകൾ പരിഹരിക്കാവുന്നതാണെന്നും ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ കുറ്റാരോപണ പത്രികയിൽ പ്രതിപാദിച്ചിട്ടുള്ള കെട്ടിടത്തിന്റെ പൂമുഖ വ്യാപ്തി 4 മീറ്റർ അനിവാര്യമാണെന്നിരിക്കെ 2.5 മീറ്റർ വ്യാപ്തി മാത്രമേ നിലവിൽ ഉള്ളൂ എന്നതിന് കെട്ടിടം 1996-97 വർഷത്തിൽ ഗ്രൗണ്ട് ഫ്ലോർ നിർമ്മിക്കുമ്പോൾ ആവശ്യമായ പൂമുഖ വ്യാപ്തി ഉണ്ടായിരുന്നുവെന്നും, എടവണ്ണപ്പാറ-വാഴയൂർ റോഡ് വീതി കൂട്ടിയപ്പോൾ കെട്ടിട ഉടമ സ്ഥലം വിട്ടുകൊടുത്തതിനാലാണ് പൂമുഖ വ്യാപ്തി കുറഞ്ഞു പോയതെന്നും, കെട്ടിടത്തിന്റെ പാർശ്വഭാഗങ്ങളിൽ കൂട്ടിച്ചേർത്തുണ്ടാക്കിയ അനുബന്ധങ്ങൾ പൊളിച്ചുമാറ്റുന്നതിന് കെട്ടിട ഉടമയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പ്രതിവാദ പത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ. എൻ. രവീന്ദ്രനെതിരെ ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ടിയാൻ 31.10.2017-ൽ സേവനത്തിൽ നിന്നും വിരമിച്ചതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ കെട്ടിട നമ്പർ അനുവദിച്ചതിൽ കെ.പി.ബി.ആർ-ലെ ചട്ടലംഘനങ്ങൾ നിലനിൽക്കുന്നുണ്ടെന്നും ശ്രീ. എൻ. രവീന്ദ്രനെതിരെ തുടർനടപടികൾ സ്വീകരിക്കണമെന്നും പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എൻ. രവീന്ദ്രൻ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 (എ) പ്രകാരം ശ്രീ. എൻ. രവീന്ദ്രന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. എൻ. രവീന്ദ്രൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. എൻ. രവീന്ദ്രന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. രവീന്ദ്രനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എൻ. രവീന്ദ്രനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹനദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

   (പരാമർശം (1), (2), (3), (4) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. എൻ. രവീന്ദ്രൻ, മുൻ സെക്രട്ടറി, വാഴക്കാട് ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, വാഴക്കാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/417/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ